**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 844** **31-01-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വിദേശ വിദ്യാഭ്യാസത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നൽകുന്ന സ്കോളർഷിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എംഫിൽ/ പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ് ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി ബാധകമല്ല. 12,00,000/-രൂപ വരുമാനമുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000/- രൂപയും 12,00,001-20,00,000 രൂപ വരെയുള്ള 25 പേർക്ക് പരമാവധി 20,00,000/- രൂപയും 20,00,000/- രൂപക്ക് മുകളിൽ വരുമാനമുള്ള 25 പേർക്ക് പരമാവധി 15,00,000/- രൂപയുമാണ് അനുവദിക്കുന്നത് . 50 പട്ടികവർഗ വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000 രൂപ വീതമാണ് അനുവദിക്കുന്നത്. ഒഡെപെക് വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കും വേണ്ട കൗൺസിലിംഗ് നടത്തി അർഹരായ വിദ്യാർത്ഥികളുടെ കരട് ലിസ്റ്റ് തയ്യാറാക്കി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, ആയതിൻ മേലുള്ള അപ്പീലും, കരട് ലിസ്റ്റും വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സെലക്ഷൻ/അപ്പീൽ കമ്മിറ്റി പരിശോധിച്ചാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ